നം. സി.ബി(1) 23839/2015

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 11/6/2015

# സർക്കുലർ നമ്പർ - 30 /15

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 62/2014 നമ്പർ സർക്കുലർ.
2. പലിശ നിർണ്ണയ ഉപസമിതിയുടെ 10/6/2015-ൽ കൂടിയ യോഗത്തിന്റെ തീരുമാനം

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2)പ്രകാരം ചേർന്ന പലിശ നിർണ്ണയ ഉപസമിതിയുടെ യോഗം, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും, വിവിധ വാണിജ്യ ബാങ്കുകളും, പൊതുമേഖലാബാങ്കുകളും, ധനകാര്യ സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും, സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പലിശനിരക്ക് അവലോകനം നടത്തുകയും, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശനിരക്ക് പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്കുകൾ ശതമാന കണക്കിൽ ചുവടെ ചേർക്കുംപ്രകാരം 12/6/2015 മുതൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാസഹകരണ ബാങ്കുകൾ | | [illegible] | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 6.00 | 6.00 | 6.25 | 6.25 | 6.50 | 6.50 |
| 2 | 46ദിവസം മുതൽ 90 ദിവസം വരെ | 7.00 | 7.00 | 7.50 | 7.25 | 7.75 | 7.50 |
| 3 | 91 ദിവസം മുതൽ 179ദിവസം വരെ | 8.00 | 7.50 | 8.25 | 8.00 | 8.50 | 8.25 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.25 | 7.75 | 8.75 | 8.50 | 9.00 | 8.75 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 8.50 | 8.25 | 9.50 | 9.25 | 10.00 | 9.75 |
| 6 | 2 വർഷവും അതിനു മുകളിലും | 8.25 | 8.25 | 9.25 | 9.00 | 9.75 | 9.50 |

## സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക്

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | പലിശ നിരക്ക് | |
|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 6.25 | 6.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 7.25 | 7.25 |
| 3. | 91 ദിവസം മുതൽ 179 ദിവസം വരെ | 8.00 | 8.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.25 | 8.25 |
| 5. | 1 വർഷം മുതൽ 2 വർഷത്തിനു താഴെ വരെ | 8.75 | 8.75 |
| 6. | 2 വർഷവും അതിനുമുകളിലും | 8.50 | 8.25 |

മേൽ നിരക്കുകൾക്കുപുറമെ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി 1/2 % നിരക്കിൽ അധിക പലിശ നൽകേണ്ടതാണ്.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സർവ്വീസ് സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ നൽകുന്ന നിരക്കിൽ പലിശ നൽകേണ്ടതാണ്.

സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് നിശ്ചയിച്ചു നൽകിയിരുന്ന പലിശനിരക്ക് മാറ്റമില്ലാതെ തുടരുന്നതാണ്. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുവാൻ പാടുള്ളതല്ല. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി സംഘങ്ങളുടെ/ ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഒപ്പ്/-

എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
2. സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
7. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
10. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർക്കിൾ സഹകരണ ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജിയണൽ ആഫീസ്, തിരുവനന്തപുരം.
12. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
13. സഹകരണ സംഘം രജിസ്ട്രാറുടെ വെബ്പോർട്ടൽ.
14. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
15. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ – എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും.
16. എഡിറ്റർ, സഹകരണ വീഥി
17. വെബ്സൈറ്റ്
18. സ്റ്റോക്ക് ഫയൽ
19. സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)